"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി ജീവനക്കാരുടെ 2024 ഏപ്രിൽ മാസത്തെ ഓണറേറിയം വിതരണത്തിനാവശ്യമായ തുക പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.152/2024/WCDD തീയതി,തിരുവനന്തപുരം, 24-04-2024

---

പരാമർശം:-

1. Lr. No. CD-II-14/14/2015-CD-II dated 30/03/2024
2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/1328/2024-ICDSB6, തീയതി. 17/04/2024
3. സ.ഉ(സാധാ)നം. 147/2024/വശിവിവ, തീയതി. 22/04/2024

**<u>ഉത്തരവ്</u>**

അങ്കണവാടി ജീവനക്കാരുടെ 2024 ജനുവരി മാസം മുതലുള്ള കേന്ദ്ര വിഹിത ഓണറേറിയം (2235-02-102-18-01-P-ICDS Central share) PFMS SNA സംവിധാനത്തിലൂടെയാണ് അനുവദിച്ച് വരുന്നത്. അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതി നടത്തിപ്പിനായുള്ള 2023-2024 സാമ്പത്തിക വർഷത്തെ 3, 4 ക്വാർട്ടറുകളിലെ കേന്ദ്രവിഹിതം (General Component-60%) ആയി 29,42,03,000/- രൂപ (ഇരുപത്തിയൊൻപത് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുകയുണ്ടായി. പ്രസ്തുത തുക, നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-01 (പ്ലാൻ) ശീർഷകത്തിൽ നിന്നും മാറി പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള SNA Account-ലേക്ക് നിക്ഷേപിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകുകയും ചെയ്തു.

2. അങ്കണവാടി ജീവനക്കാർക്ക് 2024 മെയ് മാസം വിതരണം ചെയ്യുന്നതിനാവശ്യമായ ഓണറേറിയം, അതിനു പുറമേ POL ഇനത്തിൽ 1 കോടി രൂപ, പ്രീ-സ്കൂൾ കിറ്റ് ഇനത്തിൽ 3 കോടി രൂപ, അങ്കണവാടി കെട്ടിട വാടക ഇനത്തിൽ 7 കോടി രൂപ എന്നിവ ഉൾപ്പെടെ 11 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമാണെന്ന് പരാമർശം (2) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിയ്ക്കുന്നു. മേൽ സാഹചര്യത്തിൽ, അങ്കണവാടി ജീവനക്കാരുടെ 2024 ഏപ്രിൽ മാസത്തെ (2024 മെയ് മാസം ചെലവഴിക്കാനുള്ളത്) ഓണറേറിയം വിതരണം തടസ്സപ്പെടാതെ നൽകുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാരിൽ നിന്നും മുൻകൂറായി ലഭ്യമാക്കേണ്ട സാഹചര്യമാണുള്ളതെന്നും ആയതിനാൽ അങ്കണവാടി ജീവനക്കാരുടെ, പട്ടിക 1 പ്രകാരമുള്ള ഓണറേറിയം വിതരണത്തിനാവശ്യമായ തുകയുടെ

കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും ഉൾപ്പെടെ 22,31,07,000/- രൂപ മുൻകൂറായി അനുവദിച്ച് നൽകണമെന്ന് വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**പട്ടിക. 1**

| Category | Number | Monthly Rate per Person | Total |
|---|---|---|---|
| അങ്കണവാടി വർക്കർ | 32986 | 4500 | 14,84,37,000 |
| അങ്കണവാടി ഹെൽപ്പർ | 32986 | 2250 | 7,42,18,500 |
| മിനി അങ്കണവാടി വർക്കർ | 129 | 3500 | 4,51,500 |
| Grand Total | | | **22,31,07,000** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം അങ്കണവാടി ജീവനക്കാരുടെ 2024 ഏപ്രിൽ മാസത്തെ ഓണറേറിയം വിതരണത്തിനാവശ്യമായ തുക 22,31,07,000/- രൂപ (ഇരുപത്തിരണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം) അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 24-04-2024 14:10:10